**അടിയന്തരപ്രമേയം**

<u>കളക്ടറേറ്റിലുണ്ടായ സ്ഫോടനം</u>

<u>മി. സ്പീക്കർ</u>: ഇന്നലെ മലപ്പുറം കളക്ടറേറ്റിലുണ്ടായ സ്ഫോടനംമൂലം ഉയർന്നിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സുരക്ഷാ ഭീഷണി കണക്കിലെടുത്ത് അടിയന്തരമായി ഇത്തരം സംഭവങ്ങൾ തടയാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ പി. ഉബൈദുള്ള, പി. ടി. തോമസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, മലപ്പുറം ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസറുടെ ഉപയോഗത്തിനായി വാടകയ്ക്കെടുത്ത് ഉപയോഗിച്ചുവരുന്ന കാർ മലപ്പുറം സിവിൽ സ്റ്റേഷൻ വളപ്പിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിക്ക് സമീപം പാർക്ക് ചെയ്തിരുന്നു. 01-11-2016 ഉച്ചയ്ക്ക് ഒരു മണിയോടെ ഇത്തരത്തിൽ പാർക്ക് ചെയ്ത കാറിന്റെ പിൻവശത്തുനിന്നും സ്ഫോടനമുണ്ടായി. സ്ഫോടനത്തിൽ കാറിന്റെ പിൻവശത്തെ ബമ്പറും മുൻ വശത്തെ ഗ്ലാസും പൊട്ടുകയും പുറകുവശത്തെ ഇരുമ്പു പാർട്ട്സ് വളഞ്ഞു പോവുകയും ചെയ്തു.

ഡോക്ടറും കാറിന്റെ ഡ്രൈവറും സ്ഫോടനം നടക്കുമ്പോൾ ഓഫീസിൽ ആയിരുന്നു. സ്ഫോടനം നടന്ന കാറിന് സമീപം നിർത്തിയിട്ടിരുന്ന മറ്റൊരു ഡോക്ടറുടെ കാറിനും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. സംഭവം നടന്നയുടൻ പോലീസ്, ഫയർഫോഴ്സ്, ബോംബ് സ്ക്വാഡ്, എഫ്.എസ്.എൽ.ലെ സയന്റിഫിക് വിദഗ്ദ്ധർ, ഡോഗ് സ്ക്വാഡ് തുടങ്ങിയവർ സ്ഥല പരിശോധന നടത്തി. സ്ഫോടനം നടന്ന കാറിനരികിൽ നിന്നും 'ദ ബേസ് മൂവ്മെന്റ്' എന്ന് പ്രിന്റ് ചെയ്ത് ഒട്ടിച്ച കാർഡ്ബോർഡ് പെട്ടി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പെട്ടി ബോംബ് സ്ക്വാഡ് തുറന്ന് പരിശോധിച്ചതിൽ ഒരു പെൻ ഡ്രൈവും ചില നോട്ടീസുകളും കാണുകയുണ്ടായി. സംഭവസ്ഥലത്തുനിന്ന് ലഭിച്ച മേൽപ്പറഞ്ഞ വസ്തുക്കളും സാമ്പിളുകളും ശേഖരിച്ച് സ്ഫോടകവസ്തു നിയമം 3 (A) വകുപ്പുപ്രകാരം ക്രൈം നം. 693/2016 ആയി മലപ്പുറം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മലപ്പുറം നാർക്കോട്ടിക് സെൽ ഡിവൈ.എസ്.പി. ശ്രീ. പി. ടി. ബാലന്റെ നേതൃത്വത്തിലുള്ള പ്രത്യേക സംഘത്തെ കേസിന്റെ അന്വേഷണത്തിനായി ചുമതലപ്പെടുത്തിയിട്ടുമുണ്ട്. അതുകൊണ്ട് തന്നെ ഇക്കാര്യം സംബന്ധിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക അടിയന്തര സാഹചര്യമൊന്നുമില്ല.

<u>ശ്രീ. പി. ഉബൈദുള്ള</u> : സർ, ഇന്നലെ ഇവിടെ കേരളപ്പിറവിയുടെ 60-ാം

വാർഷികം ആഘോഷിക്കുന്ന വേളയിലാണ് മലപ്പുറം കളക്ടറേറ്റിൽ ഇങ്ങനെയൊരു സ്ഫോടനമുണ്ടായിയെന്ന വാർത്ത പുറത്തുവരുന്നത്. ഇത് മലപ്പുറത്തെയും പരിസരത്തെയും ജനങ്ങളിൽ വലിയ ഭീതിയും ആശങ്കയും ഉണ്ടാക്കിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിൽ പറഞ്ഞതുപോലെ, ഹോമിയോ ജില്ലാ മെഡിക്കൽ ഓഫീസറുടെ വാടക കാറിനടുത്താണ് ഈ സ്ഫോടനവസ്തു കൊണ്ടുവന്ന് വച്ചതെന്നാണ് അറിയാൻ കഴിഞ്ഞത്. അവിടെ നിന്ന് പൊട്ടിത്തെറിച്ച് കാറിന് മാത്രമേ കേടുപാട് സംഭവിച്ചിട്ടുള്ളൂവെന്ന് വിശദീകരണത്തിൽ പറഞ്ഞു. ഏതായാലും ജനങ്ങളുടെ ജീവന് അപകടം സംഭവിക്കാതിരുന്നത് ആ സമയത്ത്, കാർ നിർത്തിയിട്ട സ്ഥലത്ത് ജനങ്ങളൊന്നുമില്ലാത്തതുകൊണ്ടാണ്. വളരെ ഗുരുതരമായ സംഭവമായി ഇതിനെ കാണേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്ത് മറ്റ് പല ഭാഗങ്ങളിലും വിവിധ പ്രശ്നങ്ങളൊക്കെ ഉണ്ടാകുമ്പോഴും എന്നും സമാധാന അന്തരീക്ഷം നിലനിന്നിരുന്ന പ്രദേശമാണ് മലപ്പുറം. ബഹുമാനപ്പെട്ട സ്പീക്കർക്ക് ഉൾപ്പെടെ ഇക്കാര്യം അറിയാവുന്ന കാര്യമാണ്. എക്കാലത്തും സമാധാനം നിലനിന്നിരുന്ന മലപ്പുറത്തെ സമാധാനാന്തരീക്ഷം തകർക്കാനുള്ള ആസൂത്രിതമായ നീക്കമാണോ ഇതിന് പിന്നിലെന്ന് ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. കേരള പോലീസിന് സ്റ്റേറ്റ്

സ്പെഷ്യൽ ബ്രാഞ്ച്, ഡിസ്ട്രിക്റ്റ് സ്പെഷ്യൽ ബ്രാഞ്ച്, അതിനുപുറമേ സെൻട്രൽ ഇന്റലിജൻസ് ബ്യൂറോ തുടങ്ങിയ സംവിധാനങ്ങളൊക്കെ ഉണ്ടായിട്ടും ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ മലപ്പുറത്ത് സംഭവമുണ്ടാകുമ്പോഴാണ് കൊല്ലത്ത് സമാനമായ സംഭവമുണ്ടായിരുന്നുവെന്ന് ചർച്ച ചെയ്യുന്നത്. അങ്ങനെ ഓരോ സംഭവങ്ങൾ ആവർത്തിക്കുമ്പോൾ കഴിഞ്ഞ സംഭവങ്ങൾ ചർച്ച ചെയ്യുന്നതിന് പകരം മുളയിലേ ഇത്തരം തീവ്രവാദ പ്രവർത്തനങ്ങൾ നുള്ളിക്കളയാൻ നമുക്ക് സാധ്യമായിരുന്നുവെങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുമായിരുന്നില്ല. കൊല്ലത്ത് ഒരു സംഭവമുണ്ടായപ്പോൾ അതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി ഉത്തരവാദികളായ ആളുകളെ പുറത്തുകൊണ്ടുവരാനോ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനോ നമുക്ക് സാധിച്ചില്ല. ഇനി കുറച്ച് കഴിഞ്ഞ് മറ്റെവിടെയെങ്കിലും സ്ഫോടനം ഉണ്ടാകുമ്പോൾ കൊല്ലത്തും മലപ്പുറത്തും മുമ്പ് സ്ഫോടനമുണ്ടായിട്ടുണ്ടെന്ന് പറഞ്ഞ് ചർച്ച ചെയ്തിട്ട് മാത്രം കാര്യമില്ല. ഇത് തീർത്തും ഇല്ലാതാക്കാൻ വേണ്ടിയുള്ള ശ്രമം അടിയന്തരമായി നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതുണ്ട്. പോലീസിനെ നിഷ്പക്ഷമായും സ്വതന്ത്രമായും പ്രവർത്തിക്കാൻ അനുവദിച്ച് ഉത്തരവാദികളായ ആളുകളെ എത്രയും പെട്ടെന്ന് പിടികൂടാനുള്ള നടപടിയുണ്ടാകണം. മലപ്പുറത്തിന് ഒരു ചരിത്രമുണ്ട്. 1992

ഡിസംബർ 6-ന് ബാബ്റി മസ്ജിദ് തകർക്കപ്പെട്ടു. ബാബ്റി മസ്ജിദിന്റെ തകർച്ചയ്ക്കുശേഷം രാജ്യ വ്യാപകമായി പലയിടത്തും വർഗ്ഗീയ സംഘട്ടനങ്ങളും പ്രശ്നങ്ങളുമുണ്ടായി. അന്നൊക്കെ ഒരു പ്രശ്നവുമില്ലാതെ സമാധാനാന്തരീക്ഷം നിലിനിന്നിരുന്ന പ്രദേശമാണ് മലപ്പുറം. ന്യൂനപക്ഷങ്ങൾ ഭൂരിപക്ഷമുള്ള പ്രദേശമായിട്ടുപോലും ഒരു പ്രശ്നവുമില്ലാതെ സമാധാനാന്തരീക്ഷം നിലിനിർത്താൻ മലപ്പുറത്തിന് കഴിഞ്ഞത് മഹാനായ ശിഹാബ് തങ്ങളെപ്പോലെയുള്ള നേതാക്കന്മാരുടെ സാന്നിദ്ധ്യം കാരണമായിരുന്നുവെന്നത് എല്ലാവരും അംഗീകരിച്ചിട്ടുള്ള യാഥാർത്ഥ്യമാണ്. അതാണ് മലപ്പുറത്തിന്റെ പാരമ്പര്യം. അതിനെത്തുടർന്ന് 1993-ൽ താനൂരിൽ ഒരു ശോഭയാത്ര നടന്നു. ആ ശോഭയാത്ര നടക്കുന്നതിനിടയിൽ ബോംബ് പൊട്ടിയ സംഭവമുണ്ടായി. ആ സംഭവത്തെത്തുടർന്ന് അന്വേഷിച്ചപ്പോൾ കണ്ടെത്തിയത് ഒരു ആർ.എസ്.എസ്.-കാരന്റെ കയ്യിലിരുന്ന ബോംബാണ് പൊട്ടിയതെന്നാണ്. അന്ന് മലപ്പുറത്തെ കളക്ടറായിരുന്ന ശ്രീ. ഉമ്മൻ കോശി പറഞ്ഞത് മലപ്പുറത്തെ ദൈവം രക്ഷിച്ചുവെന്നാണ്. ഇതുപോലെ ധാരാളം സംഭവങ്ങൾ മലപ്പുറത്ത് മുമ്പും ഉണ്ടായിട്ടുണ്ട്. ആ കാലത്താണ് ആർ.എസ്.എസ്.-ന് പകരം ഐ.എസ്.എസ്. എന്ന് പറയുന്ന സംഘടന വന്നത്. മുസ്ലീം ലീഗിനെ പോലെയുള്ള രാഷ്ട്രീയ പാർട്ടിയുടെ നിലപാട് ന്യൂനപക്ഷങ്ങൾക്ക് ഗുണം ചെയ്യില്ല,

ആത്മസംയമനത്തിന്റെ താരാട്ട് പാട്ടുപാടി ശിഹാബ് തങ്ങളെ പോലുള്ള ആളുകൾ ഒരു സമുദായത്തെ ഉറക്കി കിടത്തുകയാണെന്ന് പറഞ്ഞ് ആർ.എസ്.എസ്.-ന് പകരം ഐ.എസ്.എസ്. എന്ന തീവ്രവാദ സംഘടന മുന്നോട്ട് വന്നു. അന്ന് ഈ നിയമസഭയിൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പറഞ്ഞത്, ആർ.എസ്.എസ്-ഉം ഐ.എസ്.എസ്.-ഉം ഒരു നാണയത്തിന്റെ ഇരുവശങ്ങളാണ് എന്നാണ്. തീവ്രവാദത്തെയും വർഗ്ഗീയവാദത്തെയും അതിശക്തമായി എതിർക്കുന്ന നിലപാടാണ് അന്നും ഞങ്ങൾ സ്വീകരിച്ചിട്ടുള്ളത്. ഇവിടെ ഈ സംഭവത്തിന് ഉത്തരവാദികൾ ആരാണെന്ന് പരിശോധിക്കണം. അങ്ങാടിപ്പുറം തളി ക്ഷേത്രത്തിന്റെ ഗോപുരവാതിൽ കത്തിയ സംഭവം ഇതിനിടയ്ക്കുണ്ടായി. ആ സംഭവം ഉണ്ടായപ്പോഴും അതിനെ മുതലെടുക്കാനും അത് ഊതിവീർപ്പിച്ച് വലുതാക്കാനുമാണ് പല ദുഷ്ട ശക്തികളും ശ്രമം നടത്തിയത്. അന്നും സമാധാനത്തിന്റെ ദൂതുമായി ഓടിയെത്തിയത് സാദിക്കലി ശിഹാബ് തങ്ങളായിരുന്നു. ശിഹാബ് തങ്ങളുടെ ഇടപെടലിന്റെ ഫലമായി അവിടെ സമാധാനം സ്ഥാപിക്കാൻ കഴിഞ്ഞു. ആ ഗോപുരവാതിൽ അവിടെ പുന:സ്ഥാപിക്കുന്നതിനുവേണ്ടി ഫണ്ട് സ്വരൂപിച്ച് നൽകിയത് സാദിക്കലി ശിഹാബ് തങ്ങളുടെ നേതൃത്വത്തിലാണെന്ന കാര്യം കൂടി നമ്മളോർക്കുന്നത് നല്ലതായിരിക്കും. അത്തരം സംഭവങ്ങളൊക്കെ വലുതാക്കി

വീർപ്പിച്ച് അതിൽ നിന്ന് മുതലെടുപ്പ് നടത്താനുള്ള ശ്രമങ്ങൾ എക്കാലത്തും ഉണ്ടായിട്ടുണ്ട്. ഇങ്ങനെ എന്നും സമാധാനം നിലനിന്നിട്ടുള്ള പ്രദേശത്തിന്റെ സാമാധാനാന്തരീക്ഷം തകർക്കാനുള്ള വളരെ ബോധപൂർവ്വമായ ശ്രമമാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ പിന്നിൽ ആരായിരുന്നാലും..... ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിൽ പറഞ്ഞത് 'ബെയ്സ് മൂവ്മെന്റ്' എന്നൊരു സംഘടനയുടെ ലഘുലേഖകൾ കിട്ടിയെന്നാണ്. ഞങ്ങളൊക്കെ വർഷങ്ങളായി മലപ്പുറത്ത് ജീവിക്കുന്നവരാണ്. മലപ്പുറത്ത് ഇതുവരെ അങ്ങനെയൊരു സംഘടനയുടെ പേര് ഞങ്ങൾക്ക് കേൾക്കാൻ സാധിച്ചിട്ടില്ല. അങ്ങനെ ഞങ്ങളാരും കാണാത്ത അടിവേര് ഇത്തരം ഏതെങ്കിലും സംഘടനകൾക്കുണ്ടെങ്കിൽ അതൊക്കെ അടിയന്തരമായി കണ്ടെത്താനുള്ള സംവിധാനം നമുക്കില്ലേ? അതൊക്കെ ഉപയോഗപ്പെടുത്തി അടിയന്തരമായി കണ്ടെത്തണം. മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാൻ പാടില്ല. കേരളം ഭീകരവാദികളുടെ താവളമായി മാറുന്നു, മലപ്പുറം ഭീകരവാദികളുടെയും തീവ്രവാദികളുടെയും താവളമായി മാറാൻ പോകുന്നുവെന്ന രീതിയിലുള്ള പ്രചാരണം വ്യാപകമായി നടത്തിയതിന്റെ ഭാഗമായിട്ടാണോ ഇത്തരം ശ്രമം നടന്നതെന്ന് ബലമായി സംശയിക്കുകയാണ്. മലപ്പുറം സംഭവമായതുകൊണ്ട് ഇല്ലാത്ത പൊടിപ്പും തൊങ്ങലും വച്ച്

പ്രചരിപ്പിക്കാനുള്ള ശ്രമങ്ങളും ഒരു ഭാഗത്ത് നടക്കുകയാണ്. കൊല്ലത്തെ സംഭവത്തിനേക്കാളേറെ വലിയ പ്രചാരണം മലപ്പുറത്ത് സ്ഫോടനം നടന്നുവെന്ന രീതിയിൽ മീഡിയകളിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. എന്നും ശാന്തിയും സമാധാനവും നിലനിന്നിട്ടുള്ള ആ പ്രദേശത്തിന്റെ സമാധാനാന്തരീക്ഷവും സൗഹൃദ അന്തരീക്ഷവും തകർക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് ഇതിന് പിന്നിലെന്ന് ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് അടുത്ത സംഭവം നടന്നിട്ട് ചർച്ച ചെയ്യുന്നതിന് പകരം ഈ സംഭവത്തിന് ഉത്തരവാദികളായ ആളുകളെ കാലതാമസം കൂടാതെ പിടികൂടി നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണം. അതീവ ഗുരുതരമായ ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച രീതിയിൽ തീവ്രവാദത്തിനെതിരെയുള്ള യോജിച്ച നീക്കം നമ്മുടെ സംസ്ഥാനത്ത് ഉയർന്നുവരേണ്ടതായിട്ടുണ്ട്. ഇത് ഏത് തരത്തിലാണ് സംഭവിച്ചതെന്നുള്ളത് അന്വേഷത്തിലൂടെ മാത്രം വ്യക്തത വരുത്തേണ്ട കാര്യമാണ്. The Base Movement എന്ന് പ്രിന്റ് ചെയ്ത് ഒട്ടിച്ച ഒരു കാർഡ്ബോർഡ് പെട്ടി കണ്ടെത്തിയിട്ടുണ്ട്. അത് ബെയ്സ് മൂവ്മെന്റാണോ,

മറ്റേതെങ്കിലും വിഭാഗമാണോ എന്നുള്ളത് അന്വേഷണത്തിലൂടെ കണ്ടെത്താനേ സാധിക്കൂ. ബഹുമാന്യനായ അംഗം സൂചിപ്പിച്ച കൊല്ലം സംഭവവുമായി ബന്ധപ്പെട്ട കേസിന്റെ അന്വേഷണം ഇപ്പോഴും നടന്നുവരുകയാണ്. കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ എ.സി.പി. ജോർജ് കോശിയുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘമാണ് അന്വേഷണം നടത്തുന്നത്. ഇതുപോലെയുള്ള ഒറ്റപ്പെട്ട ചില സംഭവങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടാകുന്നത് ഗൗരവമായിട്ടാണ് എടുക്കുന്നത്. ഇതിന്റെ പിന്നിൽ ആരാണെന്നും ഏത് കൂട്ടരാണെന്നുമെല്ലാം കണ്ടെത്തേണ്ടതായിട്ടുണ്ട്. ഇതിന് ഉത്തരവാദികളായവരെ പിടികൂടാനുള്ള ഗൗരവമായ ശ്രമമാണ് പോലീസ് നടത്തുന്നത്. ഇവിടെ കിട്ടിയ കാർഡ്ബോർഡ് പെട്ടിക്കകത്തുള്ള കാര്യങ്ങൾ ഏതെങ്കിലും തരത്തിലുള്ള സൂചനയാണോ, തെറ്റിദ്ധരിപ്പിക്കാനാണോ എന്നുള്ള കാര്യങ്ങളെല്ലാം പോലീസിന്റെ ഗൗരവമായ അന്വേഷണത്തിന് വിധേയമാക്കുകതന്നെ ചെയ്യും. നമ്മുടെ സമാധാനപരമായ അന്തരീക്ഷത്തിന് ഭംഗം വരത്തക്ക രീതിയിലുള്ള സംഭവങ്ങളാണ് ഇതെന്നുള്ളതിൽ സംശയമില്ല. അതുകൊണ്ട് ഇത്തരം സംഭവങ്ങളെക്കുറിച്ച് പോലീസ് ഗൗരവമായി അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്താനുള്ള ശ്രമം നടത്തും.

ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ നേരത്തെ നടന്ന സംഭവങ്ങളിൽ ഉത്തരവാദികളായവരെ കണ്ടെത്താനായിട്ടില്ല എന്നത് വസ്തുതമാണ്. കൊല്ലത്ത് മാത്രമല്ല, അതിനുമുമ്പും ഇതേരീതിയിൽ ഒന്നുരണ്ട് സംഭവങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ട്. ഇതിന് മറ്റ് വ്യാഖ്യാനങ്ങൾക്കൊന്നും ഇപ്പോൾ പുറപ്പെടേണ്ടതായിട്ടില്ല. ഇത് അന്വേഷിച്ച് യഥാർത്ഥ കുറ്റവാളികളെ കണ്ടെത്തുക. ഇതിനെക്കുറിച്ചുള്ള മറ്റ് വ്യാഖ്യാനങ്ങളിലേയ്ക്ക് കടക്കുന്നത് പൊതു താല്പര്യങ്ങൾക്കോ സമാധാന താല്പര്യങ്ങൾക്കോ നിരക്കുന്നതല്ല. പോലീസിന്റെ അന്വേഷണം കൃത്യമായി നടക്കുകതന്നെ ചെയ്യുമെന്നാണ് പറയാനുള്ളത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് <u>(ശ്രീ. രമേശ് ചെന്നിത്തല):</u> സർ, ഇക്കാര്യത്തിൽ വാക്കൗട്ട് നടത്താൻ ആഗ്രഹിക്കുന്നില്ല. പക്ഷേ സർക്കാരിന്റെ ശ്രദ്ധയിൽ രണ്ടുമൂന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ഈ സ്പോടനത്തിന്റെ സാഹചര്യം മനസ്സിലാക്കുമ്പോൾ ആളുകളെ കൊല്ലുക

എന്നുള്ളതല്ല ജനങ്ങളിൽ പരിഭ്രാന്തി പടർത്തുക എന്നതാണ് ലക്ഷ്യമെന്ന് കാണാൻ കഴിയും. 2016 ജൂൺ 15-ന് കൊല്ലം കളക്ടറേറ്റിൽ ഇതുപോലെയൊരു സംഭവമുണ്ടായി. അവിടെയും ഇതേ രീതിയിലുള്ള ഒരു നടപടിയാണുണ്ടായത്. കോടതി പരിസരത്തുണ്ടായിരുന്ന ചില ആളുകൾക്ക് പരുക്ക് പറ്റുകയും ചെയ്തു. ഇതുപോലെയുള്ള സമാന സംഭവമാണ് മലപ്പുറം കളക്ടറേറ്റിലും ഉണ്ടായിരിക്കുന്നത്. 2016 ജൂൺ 7-ന് ആന്ധ്രയിലെ ചിറ്റൂർ കോടതി വളപ്പിലും ആഗസ്റ്റ് ഒന്നിന് മൈസൂരിലും ഇതുപോലെയുള്ള സ്ഫോടനങ്ങൾ നടന്നു. ഇവിടെയെല്ലാം ഒരേ ശൈലിയിലുള്ള ചെറിയ ബോംബ് സ്ഫോടനങ്ങളാണ് നടന്നിട്ടുള്ളത്. കളക്ടറേറ്റുകളേയോ സർക്കാർ ഓഫീസുകളേയോ കോടതികളേയോ അവിടെ നിറുത്തിയിട്ടിരിക്കുന്ന വാഹനങ്ങളേയോ..... ഒരേ സ്വഭാവത്തിലുള്ള സംഭവങ്ങളാണ് അവിടെയെല്ലാം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇത് വളരെ ഗൗരവത്തോടെ എടുക്കേണ്ട കാര്യമാണ്. കേരളം മത സൗഹാർദ്ദത്തിന് പേരുകേട്ട നാടാണ്. നമ്മുടെ നാട്ടിൽ ഒരു സംഘടനയും ഒരു പ്രസ്ഥാനവും തീവ്രവാദത്തെ അനുകൂലിക്കുന്നില്ലെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും മതസംഘടനകളുമെല്ലാം ഇത്തരം തീവ്രവാദ പ്രവർത്തനങ്ങൾക്കെതിരായി

ശക്തമായ നിലപാടുകൾ സ്വീകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ നേതൃത്വത്തിൽ കഴിഞ്ഞ ആഴ്ചയിലാണ് എല്ലാ മുഖ്യധാരാ മുസ്ലീം സംഘടനകളുടെയും യോഗം വിളിച്ച് മതസൗഹാർദ്ദത്തിനും അതൊടൊപ്പം തീവ്രവാദത്തിനും എതിരായ ശക്തമായ നിലപാട് സ്വീകരിക്കാനായി നടപടികൾ സ്വീകരിച്ചത്. ഇതിൽ ഏതെങ്കിലുമൊരു ജനവിഭാഗത്തെ മാത്രം കുറ്റപ്പെടുത്തുന്ന നടപടികളോട് നമുക്കാർക്കും യോജിക്കാൻ കഴിയുന്നതല്ല. ഇത് ക്രൈം ആണ്. ക്രൈമിനെ ക്രൈം ആയി നമുക്ക് കാണാൻ കഴിയണം. ചില ഛിദ്രശക്തികൾ അക്രമങ്ങൾ നടത്തുകയും അത് മറ്റാരുടെയെങ്കിലും തലയിൽ കെട്ടിവയ്ക്കാൻ ശ്രമിക്കുന്നതും നമ്മുടെ രാജ്യത്ത് ഇന്ന് നടന്നുകൊണ്ടിരിക്കുന്ന കാര്യമാണ്. ഇവിടെ ബഹുമാന്യനായ മെമ്പർ ശ്രീ. പി. ഉബൈദുള്ള ചൂണ്ടിക്കാണിച്ചതുപോലെ ബാബറി മസ്ജിദ് തകർത്ത സംഭവത്തിനുശേഷവും മലപ്പുറത്തും കേരളത്തിലും തീവ്രവാദ സംഘട്ടനങ്ങളോ പ്രശ്നങ്ങളോ ഉണ്ടാകാതെ പോയത് മഹാനായ ശിഹാബ് തങ്ങൾ ഉൾപ്പെടെയുള്ളവരുടെ ശക്തമായ ഇടപെടലുകൾ കൊണ്ടുതന്നെയാണ്. കേരളത്തിന്റെ പ്രത്യേകതയും ബഹുസ്വരതയും നിലനിർത്തുവാനും ഇത്തരത്തിലുള്ള ഛിദ്രവാസനകൾ കാണിക്കുന്ന

പ്രസ്ഥാനങ്ങളെയോ വ്യക്തികളെയോ ഒറ്റപ്പെടുത്താനുള്ള നീക്കമാണ് ഇവിടെ ഉണ്ടാകേണ്ടത്. രണ്ട് കാര്യങ്ങളാണ് ഗവൺമെന്റിനോട് എനിക്ക് പറയുവാനുള്ളത്. കൊല്ലം സംഭവമുണ്ടായിട്ട് ഇതുവരെ ആളിനെ പിടിക്കാൻ കഴിഞ്ഞില്ല. ആ കുറ്റാന്വേഷണം നടത്തുന്ന ആളുകളെത്തന്നെ മലപ്പുറത്തും അയച്ചത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. കൊല്ലത്ത് അന്വേഷിച്ച് കണ്ടുപിടിക്കാത്ത ആളുകളെ മലപ്പുറത്ത് വിട്ടിട്ട് എന്ത് കാര്യം? ഇതിന് സമർത്ഥരായ പോലീസ് ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചുകൊണ്ട് ഇതിന്റെ പിന്നിൽ ആരാണെന്ന് കണ്ടുപിടിക്കാനുള്ള നടപടികളുണ്ടാകണം. നമുക്ക് ഇന്റലിജൻസും സ്പെഷ്യൽ ബ്രാഞ്ചും ഉണ്ട്. അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണമെന്നുള്ളതിന്റെ വാണിംഗ് ബെല്ലായിട്ടാണ് ഇത്തരം സംഭവങ്ങളെ ഞാൻ കാണുന്നത്. ഏതായാലും കേന്ദ്ര ഏജൻസികളുമായി ബന്ധപ്പെട്ടാണ് ഇത്തരം കാര്യങ്ങളിലുള്ള അന്വേഷണം നടക്കുന്നതെന്ന് ഡി.ജി.പി. സൂചിപ്പിച്ചതായി വാർത്തകൾ വായിക്കുകയുണ്ടായി. ഇത് വളരെ ഗൗരവത്തോടെ എടുക്കണം. കേരളത്തിന്റെ സമാധാന അന്തരീക്ഷത്തെ തകർക്കാനുള്ള ഏതൊരു നീക്കത്തേയും നമുക്കൊരുമിച്ചുനിന്ന് ചെറുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ഈ സംഭവം ഒരു ക്രൈം എന്നുള്ള രീതിയിൽ മാത്രം കാണാനാണ് ശ്രമമെന്നുള്ളത് വ്യക്തമാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ മുമ്പ് അന്വേഷിച്ച് പരാജയപ്പെട്ടിട്ടുള്ള ആളുകളെത്തന്നെ ഇതും ഏല്പിച്ചാൽ അവർ അന്വേഷിച്ച് റിപ്പോർട്ട് വന്ന് കുറേ കഴിയുമ്പോഴേയ്ക്കും അത് മാറി മറ്റൊന്നുണ്ടാകും. ഇത് വളരെ ഗൗരവമുള്ളതാണ്. സംസ്ഥാനത്ത് സമുദായ സൗഹാർദ്ദം നിലനിർത്തേണ്ടത് എല്ലാവരുടെയും ആവശ്യമാണ്. അതുറപ്പുവരുത്താൻ നമുക്കെല്ലാം താല്പര്യവുമുണ്ട്. അതേ അവസരത്തിൽ സമുദായ സംഘർഷം ഉണ്ടാക്കാൻ വേണ്ടി ബോധപൂർവ്വം പ്രകോപനം സൃഷ്ടിക്കാൻ ചില ശക്തികൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ള കാര്യം നമുക്ക് വിസ്മരിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഈ കാര്യത്തെ ലാഘവബുദ്ധിയോടെ കാണുന്നതിലും മുമ്പ് പരാജയപ്പെട്ട അതേ രീതിയിൽ മുന്നോട്ട് പോകുന്നതിലും പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നു. നമസ്കാരം.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭ വിട്ട് പുറത്തുപോയി)